**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ചാവക്കാട് നഗരസഭയിലെ സീനിയർ ക്ലർക്കായ ശ്രീമതി. നസീം പി എം- എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ തസ്തികയിലെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 529/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 05.03.2019

---

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 31.05.2018, 28.01.2019 തിയതികളിലെ ഇ 3-2369/18 നമ്പർ കത്തുകൾ.

2. നഗരകാര്യഡയറക്ടറുടെ 11.05.2018 തിയതിയിലെ ഇ 3-2369/18 നമ്പർ ഉത്തരവ്.

## ഉത്തരവ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ 01.01.1997 മുതൽ 04.05.1998 വരെയുള്ള കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന അംഗപരിമിതരായ ജീവനക്കാർക്ക് സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലിയുടെ ഭാഗമായി പുനർനിയമനം നൽകിയതിന്റെയടിസ്ഥാനത്തിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ പുനർനിയമനം നൽകപ്പെട്ട ശ്രീമതി. നസീം പി എം -ന്റെ സേവനം 13.10.1999 മുതൽ റഗുലറൈസ് ചെയ്തിട്ടുള്ളതായും എന്നാൽ ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് ടിയാൾ 31.12.2003 തീയതിയിലാണ് വിജയിച്ചിട്ടുള്ളത് എന്നതിനാൽ പരീക്ഷ പാസ്സായ തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. കൂടാതെ ശ്രീമതി. നസീം പി എം-ന് 11.05.2014 ന് 50 വയസ്സ് പൂർത്തിയായതിന്റെയടിസ്ഥാനത്തിൽ 30.07.2014 ന് സീനിയർ ക്ലർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചതായും നഗരകാര്യഡയറക്ടർ അറിയിച്ചിരുന്നു.

2. 13.10.1999 ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനം റഗുലറൈസ് ചെയ്തിട്ടുള്ള ശ്രീമതി. നസീം പി എം ഈ തസ്തികയിൽ രണ്ടുവർഷത്തെ ഡ്യൂട്ടി പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (12.10.2002 വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം രണ്ട് പ്രകാരം നിയമനാധികാരി (നഗരകാര്യഡയറക്ടർ) ദീർഘിപ്പിച്ച ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ 13.10.1999 ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനം റഗുലറൈസ് ചെയ്തിട്ടുള്ള ശ്രീമതി. നസീം പി എം 31.12.2003 നാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ പാസ്സായത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 01.01.2004 പൂർവ്വാഹനത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 13.10.2002 മുതൽ 02.01.2004 വരെ, കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ചും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പരിഗണിച്ച് ടിയാളുടെ സീനിയർ ക്ലർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റം ക്രമവൽക്കരിച്ചും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി. നസീം പി എം, സീനിയർ ക്ലാർക്ക്, ചാവക്കാട്നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, ചാവക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ